## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5142 — 15/11/2019-ൽ മറുപടിയ്ക്ക്

## വെട്ടിക്കൽ കോളനി നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനൂപ് ജേക്കബ് | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | പിറവം മണ്ഡലത്തിൽ മുളന്തുരുത്തി പഞ്ചായത്തിലുള്ള വെട്ടിക്കൽ കോളനി നവീകരണം സംബന്ധിച്ച് ലൈഫ് മിഷൻ മുമ്പാകെ ഏതെങ്കിലും നിർദ്ദേശം സമർപ്പിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ? | എ), | പിറവം മണ്ഡലത്തിൽ മുളന്തുരുത്തി പഞ്ചായത്തിലുള്ള വെട്ടിക്കൽ കോളനി നവീകരണം സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ടി മണ്ഡലത്തിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിലെ വെട്ടിക്കൽ ലക്ഷംവീട് കോളനിയിൽ വാസയോഗ്യമല്ലാത്ത ഇരട്ട വീടുകളിൽ താമസിച്ചു വരുന്ന 6 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനപദ്ധതിയിൽ വീട് നിർമ്മിച്ചു നൽകുന്നതിനുള്ള അപേക്ഷ ലൈഫ് മിഷനിൽ ലഭ്യമായിട്ടുണ്ട്. തുടർന്ന് സ.ഉ (സാധാ)നം. 1946/ 2019/ത.സ്വ.ഭ.വ തീയതി 06.09.2019 പ്രകാരം ടി എസ്.ടി കുടുംബങ്ങളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രസ്തുത ഗുണഭോക്താക്കളുടെ ലൈഫ് മാനദണ്ഡപ്രകാരമുള്ള അർഹത പരിശോധിച്ച് ഗ്രാമസഭ/ഭരണസമിതി അംഗീകാരത്തോടുകൂടി പട്ടിക വർഗ്ഗ വകുപ്പ് മുഖേന ലൈഫ് മിഷന് സമർപ്പിക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം എറണാകുളം ജില്ലാ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ലൈഫ് മാനദണ്ഡം പാലിക്കുന്ന പക്ഷം ഈ കുടുംബങ്ങളെ ലൈഫ് പട്ടികയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ സഹായം നൽകുന്നത് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ